"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - ആലപ്പുഴ ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ആകാശ് നാരായണന് പഠന ആവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.339/2026/TAXES തീയതി, തിരുവനന്തപുരം, 26-03-2026**

---

പരാമർശം:-
1. **03.03.2025**-ലെ സ.ഉ.(സാധാ)നം.**185/2025**/നികുതി
2. ശ്രീ. ആകാശ് നാരായണൻ സമർപ്പിച്ച **26.07.2025**-ലെ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ **04.08.2025**-ലെ **EXC/4068/2024-XE8** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ. ആകാശ് നാരായണന് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന്, തിരുവനന്തപുരം ഫോർച്യൂൺ അക്കാദമിയിൽ പരിശീലനത്തിന് പങ്കെടുക്കുവാനായി പരാമർശം **(1)** പ്രകാരം **10/08/2024** മുതൽ **09/08/2025** വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ് പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം **1** ചട്ടം **88** പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

**2)** മേൽ ഉത്തരവ് പ്രകാരം **10/08/2024** മുതൽ **09/08/2025** വരെ ശുന്യവേതന അവധി അനുവദിച്ചിരുന്നെങ്കിലും, അവധിയിൽ പ്രവേശിച്ചത് **07/03/2025**-ന് ആണെന്നും, ആയതിനാൽ ടിയാൻ ഉപയുക്തമാക്കാത്ത കാലയളവിലെ അവധി റദ്ദ് ചെയ്യണമെന്നും, അതോടൊപ്പം **FORTUNE IAS**

ACADEMY-യിൽ 10/03/2025-ന് ആരംഭിച്ച ഒന്നര വർഷത്തെ Prelims-Cums-Mains Batch-ലെ പഠനം പൂർത്തിയാക്കുന്നതിന് 10/08/2025 മുതൽ 10/09/2026 വരെ KSR Rule 91 Ruling 2 പ്രകാരം ശൂന്യവേതന അവധി അനുവദിക്കണമെന്നും പരാമർശം (1) ഉത്തരവിലെ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം അനുവദിച്ച ശൂന്യവേതന അവധി KSR Rule 91 Ruling 2 പ്രകാരം പരിവർത്തനം നടത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ആകാശ് നാരായണൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മൂന്ന് വർഷത്തിലധികം തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്ക് പഠനാവശ്യം ഉൾപ്പെടെയുള്ള വ്യക്തിപരമായ ആവശ്യങ്ങൾക്കായി കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ് എന്നതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ച ഉത്തരവ് ക്രമപ്രകാരമാണ് എന്ന് കാണുകയുണ്ടായി. എന്നിരുന്നാലും പരാമർശം (2)-ൽ പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുള്ളതു പരിഗണിച്ച് ശ്രീ. ആകാശ് നാരായണന് ശൂന്യവേതനാവധി അനുവദിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തും, 07.03.2025 മുതൽ 09.09.2026 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2) ശ്രീ. ആകാശ് നാരായണൻ, സിവിൽ എക്സൈസ് ഓഫിസർ (എക്സൈസ് കമ്മീഷണർ മുഖേന)

3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം

4) ധന വകുപ്പ് (EXP-A1/131/2021-FIN തീയതി 12/03/2026 പ്രകാരം)

5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6) കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/124/2024-നികുതി).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 26-03-2026 13:15:33
സെക്ഷൻ ഓഫീസർ